**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2612** — **07-07-2022 - ൽ മറുപടിയ്ക്ക്**

**എളവള്ളി പട്ടികജാതി സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിൽ 1978-ൽ ആരംഭിച്ച എളവള്ളി പട്ടികജാതി സഹകരണ സംഘം (നമ്പർ ആർ-681) പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എളവള്ളി പട്ടികജാതി സഹകരണ സംഘം (ക്ലിപ്തം) നമ്പർ ആർ - 681 -ന്റെ പുതിയ ഭരണ സമിതി 22-12-2019 തീയതിയിൽ ചുമതലയേറ്റെടുത്ത് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഘത്തിന് സ്വന്തമായുള്ള എട്ട് സെന്റ് ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം ജീർണ്ണിച്ച് നിലംപൊത്താറായ സ്ഥിതിയിലായതിനാൽ സംഘത്തിന്റെ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ സ്കീമുകൾ നിലവിലുണ്ട്. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.<br><br>ഈ സ്കീമുകളിലേയ്ക്ക് എളവള്ളി പട്ടികജാതി സഹകരണ സംഘത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടില്ല. സംഘം അപേക്ഷ സമർപ്പിക്കുന്ന പക്ഷം അതാത് സ്കീമുകളുടെ ധനസഹായ ചട്ടങ്ങൾക്ക് വിധേയമായി ടി സംഘത്തിന് ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ